LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റ മാനദണ്ഡം

221(2257) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ സ്ഥലംമാറ്റ മാനദണ്ഡം കേരള വാട്ടർ അതോറിറ്റിയിൽ നടപ്പാക്കുന്നതിനെതിരെ ഏതെങ്കിലും കാറ്റഗറി സംഘടന പരാതി സമർപ്പിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഘടനയുടെ പേരുവിവരം നൽകാമോ?

ബാധകമല്ല

(സി) സ്ഥലംമാറ്റ മാനദണ്ഡത്തിലെ സുതാര്യതക്കുറവ് പരിഹരിക്കണ മെന്നാവശ്യപ്പെട്ട് കെ.ഡബ്ല്യു.എ.-യിലെ ഓഫീസർമാരുടെ അംഗീകൃത സംഘടനയായ എ.കെ.ഡബ്ല്യൂ.എ.ഒ. സമർപ്പിച്ചിട്ടുള്ള നിവേദനത്തിന് നൽകിയ മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ജനറൽ ട്രാൻസ്ഫർ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. വിവിധ സംഘടനകളിൽനിന്നും ജീവനക്കാരിൽനിന്നും ലഭിച്ച നിവേദനങ്ങൾ പരിശോധിച്ച് അന്തിമ പട്ടിക തയ്യാറാക്കുന്ന ജോലികൾ പുരോഗമിച്ചുവരികയാണ്. ആയതിനാൽ പ്രസ്തുത നിവേദനത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഒരു മാസത്തിൽക്കുറവ് മാത്രം സ്വന്തം ജില്ലവിട്ട് ജോലി ചെയ്തിട്ടുള്ള എത്ര എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കെ.ഡബ്ല്യു.എ. ഹെഡ് ഓഫീസിൽ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്നറിയിക്കാമോ?

കെ.ഡബ്ല്യു.എ. ഹെഡ് ഓഫീസിൽ ആരുംതന്നെയില്ല.

(ഇ) മാനദണ്ഡത്തിന് വിരുദ്ധമായി ചില ഓഫീസർമാർ തിരുവനന്തപുരത്ത് സ്ഥിരമായി തുടരുന്നതിന് മാറ്റം വരുത്താൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ?

മാനദണ്ഡങ്ങൾക്കും അനുവദനീയമായ ഇളവുകൾക്കും അനുസൃതമായി സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്നതാണ്.